പതിനാലാം കേരള നിയമസഭ

10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2754 12.03.2018-ൽ മറുപടിക്ക്

## മലപ്പുറം ജില്ലയിലെ റിവർ മാനേജ് മെന്റ് ഫണ്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.വി. അൻവർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം ജില്ലയുടെ റിവർ മാനേജ് മെന്റ് ഫണ്ട് മറ്റ് ജില്ലയിലെ /ജില്ലകളിലെ പദ്ധതികൾക്ക് ഉപയോഗിക്കുവാൻ ഉത്തരവായിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) 03.11.2017-ൽ ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന സംസ്ഥാന ഉന്നതതല സമിതി യോഗത്തിലെ തീരുമാന പ്രകാരം 10 കോടി രൂപ മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും പത്തനംതിട്ട ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് കൈമാറാൻ നിർദ്ദേശം നൽകിയിരുന്നു. |
| (ബി) എങ്കിൽ ഇത്തരത്തിൽ ഉത്തര വിറക്കാൻ നിർദ്ദേശം നൽകിയത് ആരാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത ഉത്തരവ് റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിന്ത്രണവും ചട്ടങ്ങളിലെ ചട്ടം 22 A പ്രകാരമാണ് ഒരു ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് കൈമാറുന്നതിനുള്ള അധികാരം സർക്കാർ നൽകുന്നത്. പ്രസ്തുത ചട്ടപ്രകാരം ഒരു കോടിയോ അതിൽ കൂടുതലോ നീക്കിയിരിപ്പുള്ള ഏതൊരു ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും അങ്ങനെയുള്ള തുകയുടെ അമ്പത് ശതമാനത്തിൽ കവിയാത്ത ഒരു തുക, ആ ജില്ലയ്ക്ക് ഉടൻ ആവശ്യമില്ലാത്ത പക്ഷം സർക്കാരിന് പ്രത്യേക ഉത്തരവ്വ വഴി വരുമാനം കുറഞ്ഞ മറ്റു ജില്ലകളിലെ റിവർ മാനേജ്മെന്റ് ഫണ്ടിലേക്കോ നദീ തീര വികസന പദ്ധതികൾ പൂർത്തീകരിക്കുന്നതിലേക്കോ ഈ ചട്ടങ്ങളിൽ പരാമർശിക്കുന്ന മറ്റേതെങ്കിലും ചിലവുകൾ അടിയന്തിരമായി വിനിയോഗിക്കുന്നതിലേക്കോ കൈമാറാവുന്നതാണ്. ടി ഉത്തരവ് റദ്ദാക്കുന്നതിനു വേണ്ടിയുള്ള നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) മലപ്പുറം ജില്ലയുടെ റിവർ മാനേജ് മെന്റ് ഫണ്ട് ജില്ലയുടെ വികസനത്തിന് ഉപയോഗിക്കാതെ മറ്റ് ജില്ലകളുടെ വികസനത്തിന് ഉപയോഗിക്കുവാൻ കാരണം വ്യക്തമാക്കാമോ;ഏത് ജില്ലയിലേക്കാണ് പ്രസ്തുത ഫണ്ട് കൈമാറിയതെന്ന് വ്യക്തമാക്കാമോ; | (സി) കേരളത്തിലെ വിവിധ ജില്ലകളിലായി റിവർ മാനേജ് മെന്റ് ഫണ്ട് ഉപയോഗിച്ച് 9 പാലങ്ങൾ പണിയാൻ തീരുമാനിക്കുകയും അതിൽ 5 പാലങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തു. പത്തനംതിട്ട ജില്ലാ കളക്ടറുടെ RMF ഉപയോഗപ്പെടുത്തി പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രം മുഖേനയാണ് പ്രസ്തുത പ്രവൃത്തി ചെയ്യാൻ തീരുമാനിച്ചത്. എന്നാൽ പത്തനംതിട്ട ജില്ലയിൽ |

RMF-ൽ ഫണ്ട് കുറവായതിനാൽ പാലം പണി പൂർത്തിയാക്കാൻ കഴിയാതെ വന്ന സാഹചര്യത്തിലാണ് RMF-ൽ ഏറ്റവുമധികം നീക്കിയിരിപ്പുണ്ടായിരുന്ന മലപ്പുറം ജില്ലയിൽ നിന്നും ഫണ്ട് പത്തനംതിട്ട ജില്ലയ്ക്ക് കൈമാറാൻ നിർദ്ദേശം നൽകിയത്. എന്നാൽ ഫണ്ട് ഇതുവരെ കൈമാറിയിട്ടില്ല.

| | |
|---|---|
| (ഡി) റിവർ മാനേജ് മെന്റ് ഫണ്ട് ഉപയോഗിച്ച് പ്രപ്പോസലുകൾ തയ്യാറാക്കുമ്പോൾ എം.എൽ.എ മാരെ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) റിവർ മാനേജ് മെന്റ് ഫണ്ട് ഉപയോഗിച്ച് പ്രപ്പോസലുകൾ തയ്യാറാക്കുമ്പോൾ എം.എൽ.എ മാരെ ഉൾപ്പെടുത്താനുള്ള നടപടി നിലവിലില്ല. |

**സെക്ഷൻ ഓഫീസർ**